


# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ



## 12. വർഗ്ഗീയത ഭൂതകാലത്തിന്റെ പൈതൃകം

# സമ്പൂർണ്ണകൃതികൾ: ഭാഗം X

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


12 വർഗ്ഗീയത ഭൂതകാലത്തിന്റെ പൈതൃകം . . . . . 1

1 ഒരു ബ്രിട്ടീഷ് സൃഷ്ടിയല്ല . . . . . . . 2

2 ആദ്യത്തെ സന്ധി . . . . . . . . . . 3

3 നിസ്സഹകരണപ്രസ്ഥാനകാലത്തെ ഐക്യം . . . . . . . . . . . . . . . 4

4 സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ പൈതൃകം 5

5 മുതലാളിത്തത്തിന്റെ വളർച്ച . . . . . 6

6 മുതലാളിത്തത്തിന്റെ സ്വഭാവവിശേഷം 7

7 ഇപ്പോഴത്തെ നില . . . . . . . . . . 8

8 പാർട്ടി രാഷ്ട്രീയം . . . . . . . . . . . 9

9 പുതിയ ആശാനാളം . . . . . . . . . 10

# 12

# വർഗ്ഗീയത ഭൂതകാലത്തിന്റെ പൈതൃകം

ഇന്ത്യ, ബ്രിട്ടീഷ് ഭരണത്തിൽ കീഴിലായിരുന്നപ്പോൾ, ഹിന്ദുയിസത്തിന്റെയും ഇസ്ലാമിസത്തിന്റെയും പേരിൽ നിരവധി വർഗ്ഗീയ സംഘട്ടനങ്ങളും കൂട്ടക്കൊലകളും ഉണ്ടായിട്ടുണ്ട്. സാമ്രാജ്യവിരുദ്ധ എഴുത്തുകാരെല്ലാം തന്നെ അവയെ, ബ്രിട്ടീഷ് സർക്കാരിന്റെ 'വിഭജിച്ച് ഭരിക്കുക' എന്ന നയത്തോട് ബന്ധപ്പെടുത്താറാണ് മിക്കപ്പോഴും ചെയ്തിരുന്നത്. കൊളോണിയൽ വിരുദ്ധമായ ദേശീയ മുന്നേറ്റത്തെ അടിച്ചമർത്തുവാനോ അല്ലെങ്കിൽ തൊഴിലാളികളുടെ സമരങ്ങളെ തകർക്കുവാനോ ലാക്കാക്കിക്കൊണ്ട്, ബ്രിട്ടീഷ് ഭരണാധികാരികൾ നടപ്പാക്കുന്നവയാണ് ഹിന്ദു-മുസ്ലീം സംഘട്ടനങ്ങളെന്നും ഒരു സ്വതന്ത്ര ഇന്ത്യയിൽ എല്ലാ മതവിഭാഗങ്ങളും സമാധാനത്തോടും സൗഹൃദത്തോടും കൂടി ജീവിക്കുമായിരുന്നു എന്നുമവർ വാദിച്ചിരുന്നു.

1947-ൽ ഇന്ത്യ സ്വാതന്ത്ര്യംനേടി. എന്നിട്ടും വർഗ്ഗീയ വിദ്വേഷങ്ങൾ തുടർന്നു പോന്നു. കൂടാതെ ചിലയിടങ്ങളിലവ, ലഹളകളായും കൂട്ടക്കൊലകളുമായി മാറി. ഈയവസരത്തിൽ അവയെ, സി.ഐ.എയുടെ അല്ലെങ്കിൽ വലതുപിന്തിരിപ്പന്മാരുമായി ബന്ധപ്പെടുത്തിക്കൊണ്ടിരുന്നു. ഇന്ത്യയുടെ ഐക്യവും സ്വാതന്ത്ര്യവും തുരങ്കം വെക്കുന്നതിനായി, വിദേശസാമ്രാജ്യത്വ ശക്തികളുടെ രഹസ്യധാരണയോടെ വലതുപിന്തിരിപ്പൻ ശക്തികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നവയാണ് ഹിന്ദു-മുസ്ലീം ലഹളകളെന്നും വാദിക്കുന്നവരുണ്ട്.

## 1 ഒരു ബ്രിട്ടീഷ് സൃഷ്ടിയല്ല

അത്തരം വാദങ്ങൾ ചരിത്രവസ്തുതകൾക്ക് വിരുദ്ധമാണെന്നു മാത്രമല്ല, ഇന്ത്യയുടെ ഭാവിക്കുതന്നെ ആപത്തുമാണ്. അതിനും പുറമെ അസത്യത്തിന്റെയോ ചരിത്രത്തിന്റെ വികലമായ പാഠാന്തരങ്ങൾകൊണ്ടോ സമാധാനമോ സൗഹൃദമോ കെട്ടിപ്പടുക്കാൻ കഴിയുകയില്ല.

ബ്രിട്ടീഷ് അധികാരികൾ അവരുടെ അധികാരം ഉറപ്പിക്കുന്നതിനുപുറമെ അതു നിലനിർത്തുന്നതിനുവേണ്ടി മതപരവും ജാതീയവുമായ സ്പർദ്ധകളെ വളരെ തന്ത്രപൂർവ്വം മുതലെടുത്തിരുന്നു എന്നത് സത്യമാണ്. എന്നാലതിന്, അതു ബ്രിട്ടീഷുകാരുടെ സൃഷ്ടിയാണെന്നുള്ള അർത്ഥമില്ല. ബ്രിട്ടീഷ് ഭരണാധികാരികൾക്ക് അവരുടെ 'വിഭജിച്ചു ഭരിക്കുക' എന്ന നയത്തിൽ വിജയിക്കുവാൻ കഴിഞ്ഞു എന്നതിന്റെ കാരണം അന്നിന്ത്യയിൽ, ജനങ്ങളിൽ മതഭ്രാന്ത് പടർത്തുവാൻ വേണ്ടിയുള്ളതായ ഒരു സാമൂഹ്യ സാമ്പത്തികാടിത്തറ ഉണ്ടായിരുന്നു എന്നതാണ്, മാർക്സ് വീക്ഷിച്ചതുപോലെ.

എങ്ങിനെയാണ് ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യം സ്ഥാപിക്കപ്പെട്ടത്? മഹത്തായ മുഗളന്മാരുടെ അധീശാധികാരം, മറാത്തികളാൽ തകർക്കപ്പെട്ടു. മറാത്തികളുടെ അധികാരം അഫ്ഘാൻകാരാൽ തകർക്കപ്പെടുകയും എല്ലാവരും എല്ലാവർക്കുമെതിരായി പൊരുതിക്കൊണ്ടിരുന്നയവസരത്തിൽ ബ്രിട്ടൻ പാഞ്ഞെത്തുകയും അവയെയെല്ലാം അടിച്ചമർത്തുവാൻ അവർക്കു കഴിയുകയും ചെയ്തു.

ബ്രിട്ടീഷ് ഭരണാധികാരികളെ കൂടാതെ ഇന്ത്യയിൽ ഉയർന്നുകൊണ്ടിരുന്ന ബൂർഷ്വാസിയും അവരുടേതായ താൽപര്യങ്ങൾക്കുവേണ്ടി ജനങ്ങളുടെയിടയിലുള്ള മതപരമായ ക്ഷണിക വികാരത്തെ (Religious Susceptibilities) ചൂഷണം ചെയ്തിരുന്നു, സ്വയം ശക്തിയാർജ്ജിക്കുന്നതിന് ബ്രിട്ടീഷ് ഭരണാധികാരികളുടെ സഹായം ആശ്രയിക്കുവാൻ തക്കവണ്ണം ആദ്യഘട്ടങ്ങളിൽ ഇൻഡ്യൻ ബൂർഷ്വാസി ദുർബലമായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഓരോ വാർഷിക സമ്മേളനവും ബ്രിട്ടീഷ് ഭരണാധികാരികളോടുള്ള കൂറ് പ്രഖ്യാപിക്കുന്ന ഒരു പ്രമേയത്തോടെ ആരംഭിക്കുകയും ഇന്ത്യയിലെ വ്യവസായ വികസനത്തിനും രാജ്യത്തിന്റെ ഭരണനിർവ്വഹണത്തിലൊരു (administration) പങ്കിനും വേണ്ടിയുള്ള നിവേദനങ്ങളോടും പ്രാർത്ഥനകളോടും, അപേക്ഷകളോടും കൂടിയാണ് അവസാനിക്കാറുള്ളത്.

ദേശീയ പ്രസ്ഥാനം വളർന്നതോടെ ഈ നിലയ്ക്ക് പെട്ടെന്ന് മാറ്റം വന്നു. അപേക്ഷകളും പ്രാർത്ഥനകളും, ബഹുജന മുന്നേറ്റങ്ങൾക്കും സമരങ്ങൾക്കും വഴിമാറി. വളർന്നുകൊണ്ടിരുന്ന ബഹുജനമുന്നേറ്റത്തിന്റെ സഹായത്തോടെ ബ്രിട്ടീഷുകാരിൽ നിന്നും സാമ്പത്തികവും രാഷ്ട്രീയവുമായ ആനുകൂല്യങ്ങൾ കോൺഗ്രസ് നേതാക്കന്മാർ പിടിച്ചുപറ്റാൻ തുടങ്ങി. മതമെന്നത്, അവരുടെ കൈകളിൽ ഉചിതമായ ഒരായുധമായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, ബാലഗംഗാധര തിലകൻ, ബിപിൻ ചന്ദ്രപാൽ, അരവിന്ദഘോഷ്, ലാലാലജ്പത്റോയി തുടങ്ങിയ തീവ്രവാദിനേതാക്കന്മാർ രംഗത്ത് പ്രവേശിച്ചു. സ്വരാജിനു വേണ്ടിയുള്ള ദേശീയ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുവാൻ അവർ ജനങ്ങളുടെ മതവികാരങ്ങളോട് അഭ്യർത്ഥിച്ചു. സ്വരാജിനെ അവർ ഒരു ഹിന്ദുരാഷ്ട്രമായി നിർവചിച്ചു. കൂടാതെ രാഷ്ട്രീയസമരത്തെ മതപരമായ ഒരു പ്രശ്നമാക്കിത്തീർത്തു. ആർ. പാമിദത്ത് ചൂണ്ടിക്കാണിച്ചതുപോലെ, ഇന്ത്യയിലെ ചലനമറ്റ സാമൂഹ്യ യാഥാസ്ഥിതികത്വത്തിന്റെയും യാഥാസ്ഥിതിക ഹിന്ദുയിസത്തിന്റെയും അടിത്തറയിൽ ദേശീയപ്രസ്ഥാനം പടുത്തുയർത്തുവാനവർ ശ്രമിച്ചു. കൂടാതെ ആധുനിക പടിഞ്ഞാറൻ സംസ്കാരത്തെ അപേക്ഷിച്ച് പുരാതന ഹിന്ദു അഥവാ ആര്യസംസ്കാരത്തിനുണ്ടെന്നു കൽപ്പിക്കപ്പെടുന്നതായ ആത്മീയമേന്മ അസന്നിഗ്ധമായി ഉറപ്പിക്കുവാനുമവർ ശ്രമിക്കുകയുണ്ടായി. ഇന്ത്യയിലെ ഏറ്റവും പുരോഗതിയാർജ്ജിച്ച പ്രസ്ഥാനത്തെ അതായതു ദേശീയ പ്രസ്ഥാനത്തെ ഏറ്റവും കാലഹരണപ്പെട്ട മതത്തിന്റെയും മതപരമായ അന്ധവിശ്വാസങ്ങളുടെയും മേൽ കെട്ടിപ്പടുക്കുവാനവർ തുനിഞ്ഞു. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗധേയങ്ങളിൽ ഇത്തരത്തിൽ വിനാശകരമായ സ്വാധീനം ചെലുത്തിയതായ ഇന്ത്യയിലെ രാഷ്ട്രീയ പുരോഗമനത്വത്തിന്റേതും, സാമൂഹ്യ പിൻതിരിപ്പത്വത്തിന്റേതുമായ ആപകടം നിറഞ്ഞ സംയോജനം ആരംഭിക്കുന്നത് ഈ പതിറ്റാണ്ട് മുതൽക്കാണ്. അതിന്റെ അംശങ്ങൾ ഇന്നും ഇല്ലാതാക്കുവാൻ കഴിഞ്ഞിട്ടില്ല.

ഇന്ത്യൻ വ്യവസായികൾ ആദ്യമായി ഉദയം ചെയ്തത് ഹിന്ദു, പാർസി വ്യാപാരികളിൽ നിന്നും പണം കടം കൊടുക്കുന്നവരിൽ നിന്നുമാണ്. ആധുനിക ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഹിന്ദു മധ്യവർഗ്ഗങ്ങൾ (Hindu Middle classes) ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുള്ള ഭരണ നിർവ്വഹണ സർവ്വീസുകളിൽ കയറിക്കൂടി. വ്യവസായങ്ങളിൽ മുതൽ മുടക്കുവാനാരംഭിച്ച മുസ്ലീം ഉന്നതവർഗ്ഗങ്ങൾ ഖുറാനും ഹാദിയും പഠിക്കുന്നതിനേക്കാൾ കൂടുതൽ ലാഭകരമാണ് ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുന്നതെന്ന് മനസ്സിലാക്കുവാൻ തുടങ്ങിയപ്പോഴേക്കും, ഹിന്ദുക്കൾ കൂടുതൽ മെച്ചപ്പെട്ട നിലകളിലെത്തിച്ചേർന്നതായി അവർ കണ്ടു. തുടർന്ന് മുസ്ലീം ബൂർഷ്വാസി ഹിന്ദുമതത്തിലെ അവരുടെ സമാനവർഗ്ഗങ്ങളെ പിന്തുടരുകയും, സ്വയം ശക്തിയാർജ്ജിക്കുന്നതിനുവേണ്ടി പിന്നോക്ക മുസ്ലീം ജനസാമാന്യത്തിന്റെ മതപരമായ വികാരങ്ങളെ ചൂഷണം ചെയ്യുകയും ചെയ്തു. മാത്സര്യമുള്ള ഭരണ നിർവ്വഹണ തസ്തികകളിൽ ഹിന്ദു മധ്യവർഗ്ഗങ്ങളെ പരാജയപ്പെടുത്തുക എന്നതവർക്കത്ര എളുപ്പമല്ലായിരുന്നു. അതുകൊണ്ടവർ മുസ്ലീമങ്ങൾക്കായി പ്രത്യേക പ്രാതിനിധ്യവും പ്രത്യേക നിയോജകമണ്ഡലങ്ങളും ആവശ്യപ്പെടുകയും ചെയ്തു. ഭരണസർവ്വീസുകളിൽ മെച്ചപ്പെട്ട സ്ഥാനങ്ങൾ ഇതിനകം നേടിയെടുത്തുകഴിഞ്ഞ ഹിന്ദുമതത്തിലെ ഉയർന്ന വർഗ്ഗങ്ങൾ ഈ ആവശ്യങ്ങളെ 'വർഗ്ഗീയത' യെന്ന് കുറ്റപ്പെടുത്തുകയും ചെയ്തു. അങ്ങിനെ ഇന്ത്യൻ ബൂർഷ്വാസിയിലെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള ഈ എതിർപ്പുകളും ഏറ്റുമുട്ടലുകളും വളരെ എളുപ്പത്തിൽ മതത്തിന്റെയും വർഗ്ഗീയതയുടെയും നിറം കൈവരിച്ചു. അതിനെ സ്വാഭാവികമായും വിദേശികളായ ബ്രിട്ടീഷ് ഭരണാധികാരികൾ അവരുടെ അധികാരം നിലനിർത്തുന്നതിനുവേണ്ടി ചൂഷണം ചെയ്യുകയും ചെയ്തു. ബ്രിട്ടീഷ് ഭരണാധികാരികളുടെ ആശിസ്സുകളോടെ 1906-ൽ മുസ്ലീംലീഗ് രൂപീകരിക്കപ്പെട്ടു എന്നാലതേയവസരത്തിൽ തന്നെ "ഹിന്ദുക്കളുടെ താൽപര്യങ്ങൾ" ക്കുവേണ്ടി പൊരുതുന്നതിനായി ഹിന്ദു വർഗ്ഗീയ സംഘടനകളുടെ രൂപീകരണത്തേയും അവർ പ്രോൽസാഹിപ്പിക്കുകയും ചെയ്തു.

## 2 ആദ്യത്തെ സന്ധി

ഒന്നാം ലോകമഹായുദ്ധത്തിന്റെയും റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെയും സമ്മർദ്ദങ്ങൾകൊണ്ട് സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനം ശക്തിയാർജ്ജിച്ച് ഒരു പുതിയ ഘട്ടത്തിലെത്തിച്ചേർന്നപ്പോൾ, ‘ഭീമാകാരനായ’ ബ്രിട്ടീഷ് ഗവൺമെന്റിനെതിരായി യോജിച്ച ഒരു സമരം ആരംഭിക്കുക എന്ന ലക്ഷ്യത്തിനായി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും മുസ്ലീം ഉന്നതവർഗ്ഗങ്ങളുടെയും നേതാക്കന്മാർ തമ്മിൽ ഒരു സന്ധി ഉണ്ടാക്കി. ഹിന്ദുമുസ്ലീം ജനതകൾക്ക് സാമാന്യമായുള്ള സാമൂഹ്യസാമ്പത്തികാവശ്യങ്ങളെ ആധാരമാക്കിയല്ലാതെ മറിച്ച് മതപരമായ വികാരങ്ങളെ ആധാരമാക്കിയാണ് ദേശീയ സമരത്തിനുവേണ്ടിയുള്ള ദേശീയ ഐക്യം കെട്ടിപ്പടുക്കാനവർ ശ്രമിച്ചത്. മുസ്ലീംങ്ങളുടെ ഖിലാഫത്ത് പ്രസ്ഥാനത്തെ ഗാന്ധിജി പിന്താങ്ങുകയും, മഹാത്മാ ഗാന്ധി നയിച്ച നിസ്സഹകരണ പ്രസ്ഥാനത്തെ അലി സഹോദരന്മാർ പിന്താങ്ങുകയും ചെയ്തു. അപ്രകാരം രാഷ്ട്രീയസമരത്തിന് മതപരമായ തത്വങ്ങളുടെ നിറം കൊടുക്കുകയും ചെയ്തു.

# 3 നിസ്സഹകരണപ്രസ്ഥാനകാലത്തെ ഐക്യം

നിസ്സഹകരണ പ്രസ്ഥാനകാലത്ത് കൈവരിച്ച ഹിന്ദു മുസ്ലീം ഐക്യംകൊണ്ട് യാതൊരു വിധത്തിലുമുള്ള പ്രയോജനകരമായ ഉദ്ദേശവും കൈവരിച്ചില്ലെന്ന് ഇതുകൊണ്ട് ഉദ്ദേശിക്കുന്നില്ല. രാഷ്ട്രീയമായി വളരെ പിന്നോക്കം നിന്നിരുന്ന ഹിന്ദുക്കളേയും മുസ്ലീമുകളെയും ഉണർത്തുന്നതിനും അവരെ കർമ്മനിരതരാക്കുവാനും തീർച്ചയായും ഇതുകൊണ്ട് സാധിച്ചു. പക്ഷേ, ഇത്, ശക്തമായൊരു ജനാധിപത്യവിപ്ലവത്തിന്റെ പരിപാടിയെ ആധാരമാക്കിയുള്ള ഹിന്ദുമുസ്ലീം ഐക്യമായിരുന്നില്ല. വിദേശഭരണാധികാരികളുടെ ഇഷ്ടമില്ലാതിരുന്ന കൈകളിൽ നിന്നും ഉന്നതവർഗ്ഗങ്ങൾക്ക് ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടിയുള്ള അസ്വഭാവികമായ ഒരു ഐക്യമായിരുന്നു അത്. അതുകൊണ്ടുതന്നെ, നിസ്സഹകരണ പ്രസ്ഥാനം പിൻവലിച്ചതോടെ അത് തകരുകയും ചെയ്തു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ വിദ്വേഷം രണ്ടു മതവിഭാഗങ്ങൾ തമ്മിലുള്ള വിദ്വേഷമായി മാറി. വർഗ്ഗീയ സംഘട്ടനങ്ങളെ തുടർന്ന്, ‘ഹിന്ദുമുസ്ലീം പ്രശ്ന’ ത്തിന്റെ ഗൗരവം പെരുപ്പിക്കുന്നതിനായി ഗവൺമെന്റ് അവരുടെ ശക്തിയാലാവുന്നതെല്ലാം ചെയ്തു. പ്രത്യേക പ്രാതിനിധ്യത്തിനും പ്രത്യേക നിയോജകമണ്ഡലത്തിനും വേണ്ടിയുള്ള ആവശ്യം, പാക്കിസ്ഥാനു വേണ്ടിയുള്ള ആവശ്യപ്പെടലിനു വഴിയൊരുക്കുകയും ചെയ്തു.

# 4 സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ പൈതൃകം

വർഗ്ഗീയതയുടെ വർഗസത്ത തുറന്നു കാണിക്കുന്നതിനു ഇരുപതുകളിലും മുപ്പതുകളിലും ജവഹർലാലിനെപ്പോലെയുള്ള നേതാക്കന്മാരും കമ്മ്യൂണിസ്റ്റ പാർട്ടിയും ശ്രമിച്ചു എന്നത് സത്യമാണ്. വിപ്ലവകരമായൊരു ജനാധിപത്യ പരിപാടിയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ കൂട്ടിയിണക്കുന്നതിന് അവർക്കു കഴിഞ്ഞില്ല. അതിന്റെ ഫലമായി വർഗ്ഗീയശക്തി രാഷ്ട്രീയത്തിന്റെ പ്രബലമായ സമ്മർദ്ദത്തിനവർ സാവധാനം അടിമപ്പെടുകയും ചെയ്തു. ഒരു പ്രത്യേക മാതൃരാജ്യത്തിനു വേണ്ടിയുള്ള 'മുസ്ലീം ദേശീയവാദികളുടെ' അവകാശത്തെ പിൻതാങ്ങുക എന്നിടത്തേക്കുവരെ കമ്മ്യൂണിസ്റ്റ പാർട്ടി പോയി. മതത്തിന്റെ അടിസ്ഥാനത്തിൽ ദേശീയജനവിഭാഗങ്ങളെ വിഭജിക്കുകമൂലം, വർഗ്ഗീയവാദികളുടെ കരങ്ങൾക്ക് ശക്തി കൂട്ടുവാൻ ദൗർഭാഗ്യകരമായ ഈ തീരുമാനം സഹായകമായിത്തീർന്നു. അതല്ലാതെ വ്യത്യസ്തമതങ്ങളിലും വ്യത്യസ്ത ജാതികളിലും വ്യത്യസ്ത ഭാഷാ പ്രവിശ്യകളിലുമുള്ള അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളിൽപെട്ടതായ ജനവിഭാഗങ്ങളേയും, തൊഴിലാളികളേയും കർഷകരേയും യോജിപ്പിക്കുവാൻ ഈ തീരുമാനം കൊണ്ട് സാധിച്ചില്ല.

മഹാത്മാഗാന്ധി തന്റെ വില പിടിച്ച ജീവൻ, ഹിന്ദു-മുസ്ലീം ഐക്യത്തിന്റെ ആൾത്താരയിൽ ബലിയർപ്പിച്ചു. എങ്കിലും സർദാർ വല്ലഭായ് പട്ടേലിന്റെ പ്രസിദ്ധീകരിച്ചിട്ടുള്ള എഴുത്തുകുത്തുകളിൽ നിന്ന് നമുക്കറിയാവുന്നതുപോലെ, ഇന്ത്യയിലെ ഹിന്ദുബ്യൂറോക്രസിയിലെ ഒരു വിഭാഗത്തിന്റെ പാർട്ടിസാൻ നിലപാടുകൊണ്ട് സ്വാതന്ത്ര്യത്തെ തുടർന്നുണ്ടായ വിഭജനം, വർഗ്ഗീയ സംഘട്ടനങ്ങൾ, കൂട്ടക്കൊല എന്നിവ എളുപ്പമുള്ളതാക്കിത്തീർത്തു. ചുരുക്കത്തിൽ, ഇന്ത്യയിലിന്നത്തെ വർഗ്ഗീയത എന്നത് നമ്മുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ഒരു പൈതൃകമാണ്. ഇത് എത്രയും വേഗം നാം അംഗീകരിക്കുമോ അത്രയും നമുക്ക് നല്ലതാണ്.

സ്വതന്ത്ര ഇന്ത്യയിൽ എല്ലാ മതവിഭാഗങ്ങളും, സമാധാനത്തിലും സൗഹാർദ്ദത്തിലും കഴിഞ്ഞുകൂടുമെന്ന്, സ്വാതന്ത്ര്യ സമരക്കാലത്ത് പല ദേശീയ നേതാക്കന്മാരും സാമ്രാജ്യത്വവിരുദ്ധ എഴുത്തുകാരും ഉറപ്പിച്ചു പറയുകയുണ്ടായിട്ടുണ്ട്. ഈ ഉറപ്പ് തെറ്റായിരുന്നെന്ന് കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലത്തെ ചരിത്രം തെളിയിക്കുന്നു. വർഗ്ഗീയ വിദ്വേഷങ്ങളും സംഘട്ടനങ്ങളും അവസാനിച്ചിട്ടില്ല. നേരെ മറിച്ച് അവ പുതിയ താൽപര്യങ്ങളോടും നവമായ രൂക്ഷതയോടുംകൂടി പുതിയ രൂപങ്ങളിൽ പ്രത്യക്ഷപ്പെടുകയാണുണ്ടായിട്ടുള്ളത്.

## 5 മുതലാളിത്തത്തിന്റെ വളർച്ച

കഴിഞ്ഞ ഇരുപത്തിയാറു വർഷങ്ങളിൽ നാം കൈവരിച്ച വിജയങ്ങൾ അത്ഭുതാവഹങ്ങളാണ്. പിന്നോക്കം നിന്നിരുന്ന അർദ്ധഫ്യൂഡൽ രാജ്യമായിരുന്ന ഇന്ത്യ ഇന്ന് പിന്നോക്കാവസ്ഥയിലുള്ള ഒരു വ്യാവസായിക രാജ്യമായിത്തീർന്നിരിക്കുന്നു. പുതിയ വ്യവസായങ്ങൾ വികസിച്ചു. വൻകിട വ്യവസായികൾ കൂടുതൽ വൻകിട വ്യവസായികളായി ത്തീർന്നു. ലക്ഷപ്രഭുക്കൾ കോടീശ്വരന്മാരായിത്തീർന്നു. സർവ്വകലാശാലകളുടെ എണ്ണം വർദ്ധിക്കുകയും പുതിയ തൊഴിലുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. കാറുകൾ, റേഡിയോകൾ, ടെലിവിഷൻ സെറ്റുകൾ, റെഫ്രിജറേറ്ററുകൾ, എയർകണ്ടീഷൻ ചെയ്ത ബഹുനിലകളുള്ള കെട്ടിടങ്ങൾ എന്നിവയുടെ എണ്ണവും കോടിക്കണക്കിനു രൂപയുടെ കൈമാറ്റങ്ങളും ദിനംപ്രതി ഉയർന്നുകൊണ്ടിരിക്കുന്നു. എന്നാൽ ഈവക കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകളുടെ പിറകിൽ നിലനിൽക്കുന്ന എല്ലാ മതവിഭാഗങ്ങളിലേയും ഭൂരിപക്ഷം വരുന്ന ജനങ്ങളിലുള്ള അസംതൃപ്തി, നിസ്സഹായത, അക്ഷരാഭ്യാസമില്ലായ്മ, തൊഴിലില്ലായ്മ, വർദ്ധിച്ചുകൊണ്ടിരിക്കുന്ന ദാരിദ്ര്യം എന്നിവയെല്ലാം രോഗഗ്രസ്തമായൊരു മുതലാളിത്ത സമ്പദ്വ്യവസ്ഥയുടെ ഭീകരതകളേയാണ് കാണിക്കുന്നത്.

# 6 മുതലാളിത്തത്തിന്റെ സ്വഭാവവിശേഷം

വൈരുദ്ധ്യങ്ങളില്ലാതെ, മുതലാളിത്തത്തിന് നിലനിൽക്കുവാനോ വളരുവാനോ കഴിയുകയില്ല. വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും, ബൂർഷ്വാസിയും തൊഴിലാളിയും തമ്മിൽ മാത്രമല്ല നിലനിൽക്കുന്നത്. മറിച്ച് സാമ്പത്തികം, രാഷ്ട്രീയം, സാമൂഹ്യവും സാമ്പത്തികവുമായ ബന്ധങ്ങൾ, വിദ്യാഭ്യാസം, ഭാഷ, സംസ്കാരം, മതം എന്നിങ്ങനെ ജീവിതത്തിന്റെ എല്ലാ തുറകളിലുമുണ്ട്. വേദങ്ങളിലും, ഗീതയിലും, അല്ലെങ്കിൽ ഖുറാനിലും സുന്നയിലും പ്രതിഷ്ഠിച്ചിട്ടുള്ളതായ 'ശാശ്വതമാർഗ്ഗങ്ങളെക്കാൾ' കൂടുതലായി ഹിന്ദു മുസ്ലീം ചൂഷകർക്ക് താൽപര്യം ലാഭത്തിലും വാടകയിലുമാണ്. അതിനുവേണ്ടിത്തന്നെയാണവർ ഭാഷ, സംസ്കാരം എന്നിവയേയും കണക്കാക്കുന്നത്. അവരുടെ ഭൗതിക താൽപര്യങ്ങൾക്കെതിരായുള്ള ഏത് മതചടങ്ങിനേയും സമ്പ്രദായത്തിനേയും എതിർക്കുന്നതിനുമവർ മടിക്കുകയില്ല. പക്ഷേ, ബഹുജനങ്ങൾ, കാലപ്പഴക്കമുള്ള അവരുടെ മതവിശ്വാസങ്ങളോടും ആചാരങ്ങളോടുംകൂടി സാമൂഹ്യമായും രാഷ്ട്രീയമായും പിന്നോക്കാവസ്ഥയിൽത്തന്നെ വർത്തിക്കേണ്ട കാര്യത്തിൽ പ്രത്യേക താൽപര്യം കാണിച്ചുവന്നു. കാരണമെന്തെന്നാൽ, ജനങ്ങളുടെ മനസ്സുകളെ വികൃതമാക്കുന്നതിനും ഒരു പുതിയ സാമൂഹ്യ വ്യവസ്ഥിതിക്കായുള്ള യോജിച്ച സമരങ്ങളിൽ പങ്കുചേരുന്നതിലവരെ തടയുന്നതിനുമുള്ള ഫലപ്രദമായ സാമഗ്രികളാണ് മതം, ഭാഷ, സംസ്കാരം എന്നിവയെന്ന് അവർക്ക് നല്ലവണ്ണം അറിയാവുന്നതുതന്നെയാണ്.

# 7 ഇപ്പോഴത്തെ നില

നിലവിലുള്ള പാർലിമെന്ററി ഗവൺമെന്റ് തിരഞ്ഞെടുപ്പ് രാഷ്ട്രീയ സമ്പ്രദായം പരിതസ്ഥിതികളെ മെച്ചപ്പെടുത്തുന്നുമെന്ന് പറയുവാൻ വയ്യ. സോഷ്യലിസത്തിൽ തങ്ങൾക്കുള്ള അചഞ്ചലമായ വിശ്വാസത്തെ, മിക്കവാറും എല്ലാ പാർട്ടികളും ഉദ്ഘോഷിക്കുന്നുണ്ടെന്നുള്ളത് ഒരു സത്യമാണ്. എന്നാൽ അവരുടെ പരിപാടികളെന്തൊക്കെയായാലും ശരി, ഫലത്തിൽ അവർ പൊരുതുന്നത് മുതലാളിത്ത ഉൽപാദനബന്ധങ്ങളുടെ നാല് അതിരുകൾക്കുള്ളിൽ ഒതുങ്ങുന്നതും, നിലവിലുള്ള ബൂർഷ്വാ സ്റ്റേറ്റ് ഘടനയ്ക്കുള്ളിൽ സ്വത്ത്, അധികാരം എന്നിവ പുനർവിഭജിക്കുന്നതിനു മാത്രവുമാണ്. തിരഞ്ഞെടുപ്പുകളിൽ ഭൂരിപക്ഷം ലഭിക്കുന്ന പാർട്ടികളോ അല്ലെങ്കിൽ പാർട്ടികളുടെ മുന്നണികളൊ ആത്മാർത്ഥമായി ശ്രമിക്കുന്നത്, ചൂഷിത സാമൂഹ്യ വ്യവസ്ഥിതി മാറ്റുന്നതിനു വേണ്ടിയല്ല. മറിച്ച് ഒരു ഭാഗത്ത് പെറ്റി-സാമ്പത്തിക സാമൂഹ്യ പരിഷ്ക്കാരങ്ങൾ വഴി നിലവിലുള്ള വ്യവസ്ഥിതി നിലനിറുത്തുവാനും, മറുഭാഗത്ത് നിയമത്തിന്റേയും ക്രമസമാധാനത്തിന്റേയും ഉപകരണങ്ങൾ നിലനിറുത്തുന്നതിനും വേണ്ടി മാത്രമാണ്.

## 8 പാർട്ടി രാഷ്ട്രീയം

അത്തരത്തിലുള്ളൊരു വ്യവസ്ഥിതിയിൻ കീഴിൽ, തിരഞ്ഞെടുപ്പ് ലക്ഷ്യങ്ങൾക്കു വേണ്ടി ജനങ്ങളെ വിഭജിച്ച് തങ്ങളുടെ ജനപിന്തുണ ഉറപ്പിക്കുവാൻ ഓരോ രാഷ്ട്രീയകക്ഷിയും ശ്രമിക്കുമെന്നുള്ളത് സ്വാഭാവികം മാത്രമാണ്. ജനങ്ങളുടെ മതവികാരങ്ങൾക്ക് മുറിവേൽക്കുകയും അതുവഴി തങ്ങളുടെ വോട്ടുകൾ നഷ്ടപ്പെടുമെന്നുള്ള ഭയം കാരണമായി ഒരു പാർട്ടിയും ജനങ്ങളുടെ ഇടയിൽ നിലനിൽക്കുന്ന മതപരമായ അന്ധവിശ്വാസങ്ങളേയും, വർഗ്ഗീയ വിഭാഗീയതകളേയും, കാലഹരണപ്പെട്ട ആചാരങ്ങളേയും എതിർക്കുവാൻ ധൈര്യപ്പെടുന്നില്ല. കോൺഗ്രസ്, കോൺഗ്രസ് (ഒ), സി.പി.എം., ആർ.എസ്.പി, പി.എസ്.പി, എസ്.എസ്.പി, ജനസംഘം, മുസ്ലീം ലീഗ് എന്നിങ്ങനെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും അവരവരുടേതായ ട്രേഡ് യൂണിയനുകൾ, വിദ്യാർത്ഥി യൂണിയനുകൾ, തുടങ്ങിയ ബഹുജന സംഘടനകളുണ്ട്. കോൺഗ്രസ്സ്, മുസ്ലീം ലീഗ്, ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി എന്നിവർ കൂടിച്ചേർന്ന് ഭരണം നടത്തുന്ന കേരളത്തിലേതുപോലെ കൂട്ടുകക്ഷി ഗവൺമെന്റുകൾ ഉള്ളയിടങ്ങളിൽപ്പോലും, ജനങ്ങളുടെയിടയിൽ അധികാരത്തിനുവേണ്ടിയുള്ള സമരം താഴേത്തട്ടുകളിൽ നടന്നുകൊണ്ടേയിരിക്കുന്നു. ഓരോ പാർട്ടിയും മറ്റു പാർട്ടികളിലുള്ള തൊഴിലാളിയേയും കർഷകത്തൊഴിലാളിയേയും തന്റെ പാർട്ടിയിൽ ചേർക്കുവാനും അത്തരത്തിൽ അവരവരുടെ ബഹുജനാടിസ്ഥാനം, ഉറപ്പിക്കുവാനുമുള്ള ശ്രമങ്ങൾ ആവേശത്തോടെ നടത്തിക്കൊണ്ടിരിക്കുന്നു. അത്തരത്തിലുള്ള സമരങ്ങൾ ചിലപ്പോഴെല്ലാം കടുത്ത സായുധ സമരങ്ങളിലേക്കെത്തിച്ചേരാറുണ്ട്. സോഷ്യലിസത്തിന്റെ പേരിൽ തൊഴിലാളി തൊഴിലാളിയേയും, വിദ്യാർത്ഥി വിദ്യാർത്ഥിയേയും കൊല്ലുന്നു!

## 9 പുതിയ ആശാനാളം

അടുത്ത കാലത്തായി ഇന്ത്യൻ ജനങ്ങളുടെയിടയിൽ മുമ്പെങ്ങുമില്ലാത്ത വിധത്തിലുള്ളൊരു ഉൽപതിഷ്ണുത ഉണ്ടായിട്ടുണ്ട്. നിലവിലുള്ള സ്ഥിതിഗതികളെ കുറിച്ച വർ കൂടുതൽ കൂടുതൽ അമർഷരും വിദ്വേഷമുള്ളവരു മായിത്തീർന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇട തുജനാധിപത്യകക്ഷികൾ പരസ്പരം ഭിന്നിപ്പിലും ശത്രു തയിലും വർത്തിക്കുന്നതു കാരണമായി നിലവിലുള്ള സാഹചര്യങ്ങളിൽ നേടിയെടുക്കുവാൻ കഴിയുന്ന വ്യ ക്തമായൊരു രാഷ്ട്രീയ ലക്ഷ്യത്തിന്റെയടിസ്ഥാനത്തിൽ ഈ കൂട്ടരെ യോജിപ്പിക്കുന്നതിനോ അവരുടെ ശക്തി കളെ കൂട്ടിയിണക്കുന്നതിനോ അവർക്ക് കഴിവില്ലാതാ യിത്തീർന്നിരിക്കുന്നു. നിലവിലുള്ള ബൂർഷ്വാ സാമൂഹ്യ വ്യവസ്ഥിതി ഇല്ലായ്മ ചെയ്യുന്നതിനുള്ള സമരത്തിൽ, ജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾ കൂട്ടിയിണക്കി അവരെ സംഘടിപ്പിക്കുവാനും നയിക്കുവാനും കഴിവു ള്ളതായ നിശ്ചയദാർഢ്യവും ഐക്യവും കൂടിച്ചേർന്ന രാ ഷ്ട്രീയബോധവും ധാർമ്മികമായി അർപ്പിതവുമായ ഒരു നേതൃത്വത്തിന്റെ അഭാവത്തിൽ, അവരുടെ പുരോഗമ നാത്മകതയെ സ്വാർത്ഥശാലികളായ പിന്തിരിപ്പന്മാർക്ക് വർഗ്ഗീയതയുടെ പാതകളിലേക്ക് വളച്ചൊടിക്കുവാൻ എളുപ്പത്തിൽ കഴിയുന്നതാണ്. മുതലാളിത്തത്തിന്റെ യോ, ഫ്യൂഡലിസത്തിന്റെയോ അവശിഷ്ടങ്ങൾ ശക്ത മായിട്ടുള്ളതുകൊണ്ടല്ലാ വർഗ്ഗീയത നിലനിൽക്കുന്നതും, വർഗ്ഗീയത വിജയിക്കുന്നതും. നേരെമറിച്ച് ഇടതുജനാധി പത്യശക്തികൾ പ്രത്യേകിച്ച് സി.പി.ഐ., സി.പി.എം. എന്നിവ ദുർബലമായതുകൊണ്ടാണ്. കാരണം അവ അനൈക്യത്തിലാണെന്നുള്ളതുതന്നെ. ഇതിന്റെ കാര ണമെന്തെന്നാൽ, നിലവിലുള്ള മുതലാളിത്തവ്യവസ്ഥ ക്കനുയോജ്യമായി സ്വത്ത്, അധികാരം എന്നിവ പുനർ വിഭജിക്കുന്നതിനുള്ള സമരം എന്ന ലക്ഷ്യത്തിലൊതു ങ്ങി നിൽക്കുന്നു ഇവർ.

ജനങ്ങളുടെ സാമ്പത്തികാവശ്യങ്ങളുടെയും ഒരു രാ ഷ്ട്രീയ പരിപാടിയുടേയും അടിസ്ഥാനത്തിൽ തൊഴിലാ ളികളേയും, മറ്റു ജനവിഭാഗങ്ങളേയും അധികാരത്തിനു വേണ്ടി സംഘടിപ്പിച്ചതുകൊണ്ട് വർഗ്ഗീയതയെ പരാ ജയപ്പെടുത്തുവാൻ സാധിക്കുമെന്ന് ഇതിനർത്ഥമില്ല. വ്യത്യസ്തമതങ്ങളും, വർഗ്ഗങ്ങളും, ജാതികളും അവയുടെ ബന്ധപ്പെട്ട ആചാരങ്ങളും ആചാരസമ്പ്രദായങ്ങളും (Customs and traditions) ഉള്ള ബൃഹത്തായ ഒരു രാജ്യ മാണ് ഇന്ത്യ. അതുകൊണ്ട് അധികാരത്തിനു വേണ്ടിയു ള്ള സമരത്തിൽ, ജനങ്ങളുടെ സാമ്പത്തികവും രാഷ്ട്രീയ വുമായ അവകാശങ്ങൾക്കു വേണ്ടിയുള്ള സമരങ്ങൾക്കു പുറമേ മതപരവും അതുപോലെയുള്ളതായ സ്വാതന്ത്ര്യ ങ്ങളുടേയും, കാര്യത്തിൽ ദേശീയവും ഭാഷാപരവുമായ ന്യൂനപക്ഷങ്ങൾക്ക് അവരുടെ സമ്പദ്വ്യവസ്ഥയും സം സ്കാരവും വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള ഗ്യാരണ്ടി അഥവാ ഉറപ്പും ഉൾപ്പെടുന്നു. എന്നാൽ വർഗ്ഗീയതയുമാ യി സന്ധിചെയ്യുന്നതുകൊണ്ടോ അല്ലെങ്കിൽ ഒറ്റപ്പെട്ട പ്രതിഭാസമെന്ന നിലയിൽ അതിന്റെ നേർക്ക് എതിർ പ്പ് കേന്ദ്രീകരിച്ചതുകൊണ്ടോ അതിനെ നശിപ്പിക്കുവാൻ കഴിയുകയില്ലെന്ന് പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കു ന്നു. മുതലാളിത്തത്തിനെതിരായ സോഷ്യലിസത്തിനു വേണ്ടിയുള്ള പൊതുവായ സമരത്തിന്റെ ഒരു ഭാഗമെ ന്ന നിലയിൽ അതിനെതിരായി സമരം ചെയ്യില്ലെങ്കിൽ മാത്രമേ വർഗ്ഗീയതയെ തോൽപിക്കുവാനാവൂ. സോ ഷ്യലിസ്റ്റ് ശക്തികളുടെ അനൈക്യത്തിന്റേതായ, പ്ര ത്യേകിച്ച് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അകത്തുള്ള മുറിവുകൾ ചികിത്സിച്ചു ഭേദമാക്കാതെ ശക്തമായൊരു ട്രേഡ് യൂണിയൻ പ്രസ്ഥാനവും അതുപോലെയുള്ള മറ്റു ബഹുജനപ്രസ്ഥാനങ്ങളും കെട്ടിപ്പടുക്കാതെയും ഇത്തര ത്തിലുള്ളൊരു സമരം നടത്തുവാൻ സാദ്ധ്യമല്ല.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 10

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ലെനിനും ഭരണകൂടത്തെപ്പറ്റിയുള്ള സിദ്ധാന്തവും
2. മാർക്സിസവും വർഗ്ഗസമരവും
3. മാർക്സിസവും മതവും
4. ചരിത്രപരമായ ഭൗതികവാദം
5. ലക്ഷ്യങ്ങളും മാർഗങ്ങളും
6. സോഷ്യലിസ്റ്റ് രാജ്യം അക്രമിയാവുമോ?
7. കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം കൂടിയേ കഴിയൂ
8. നാഷണൽ കൗൺസിലിന്റെ തീരുമാനങ്ങൾ
9. ഇന്ത്യയെപ്പറ്റിയുള്ള ചൈനയുടെ വിശകലനം
10. ഒരു ഇന്ത്യൻ കമ്യൂണിസ്റ്റിന്റെ ഓർമക്കുറിപ്പ്
11. ശ്രീശങ്കരൻ ഹെഗൽ മാർക്സ്
12. വർഗ്ഗീയത ഭൂതകാലത്തിന്റെ പൈതൃകം
13. ജോർജ്ജ് ലൂക്കാച്ച്
14. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
15. രാഹുൽജി
16. ശ്രീനാരായണഗുരു


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014